## മഹാത്മാഗാന്ധി സർവ്വകലാശാല

മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985-ലെ വകുപ്പ് (17) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ (4) പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപക ജീവനക്കാരിൽ നിന്നും സെനറ്റിലേക്കുള്ള ഒരു അംഗത്തിൻെറ തെരഞ്ഞെടുപ്പ്

### വോട്ടർമാർക്കുള്ള അറിയിപ്പ്

സർ/മാഡം,

മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റിലേക്ക് സർവ്വകലാശാലയിലെ അദ്ധ്യാപക ജീവനക്കാരുടെ ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനുള്ള വോട്ടെടുപ്പ് മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997-ലെ നടപടിക്രമമനുസരിച്ച് 2021 ഫെബ്രുവരി 12 ആം തീയതി സർവ്വകലാശാലയുടെ അസംബ്ലിഹാളിൽ വച്ച് നടത്തുന്നതാണ്. വോട്ടെടുപ്പ് അന്നേദിവസം രാവിലെ ഒമ്പത് മണിക്ക് ആരംഭിക്കുന്നതും ഉച്ചയ്ക്ക് ഒരു മണിക്ക് അവസാനിക്കുന്നതുമാണ്. സർവകലാശാല പ്രസിദ്ധപ്പെടുത്തിയ വോട്ടർപ്പട്ടികയിൽ പേരുള്ളവർക്കുമാത്രമേ സ്റ്റാറ്റ്യൂട്ടിൻെറ 44-ആം അദ്ധ്യായത്തിലെ 14-ആം വകുപ്പിന് വിധേയമായി വോട്ടെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ളു.

വോട്ട് രേഖപ്പെടുത്താൻ വരുന്ന സമ്മതിദായകർ തങ്ങളെ തിരിച്ചറിയുന്നതിന് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകളിൽ ഒന്ന് ഹാജരാക്കേണ്ടതാണ്. സർവകലാശാല വിതരണം ചെയ്തിട്ടുള്ള തിരിച്ചറിയൽ കാർഡ്, അതാതു പഠനവകുപ്പുകളിലെ വകുപ്പുതലവന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ വോട്ടറുടെ തിരിച്ചറിയൽ സാക്ഷ്യപത്രം (*മാതൃക ഇതോടൊപ്പം ചേർത്തിരിക്കുന്നു*) എന്നിവയിലേതെങ്കിലും വോട്ടറുടെ തിരിച്ചറിയൽ രേഖയായി പരിഗണിക്കുന്നതാണ്. വോട്ടെടുപ്പിൽ പങ്കെടുക്കുന്നവർ മേൽ പറഞ്ഞ ദിവസം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വരണാധികാരിയുടെ മുമ്പാകെ ഹാജരായി വോട്ടവകാശം ബോദ്ധ്യപ്പെടുത്തി അദ്ദേഹത്തിൻെറ പക്കൽ സൂക്ഷിച്ചിരിക്കുന്ന വോട്ടർപട്ടികയിൽ തങ്ങളുടെ പേരിനു നേരെ ഒപ്പ് വയ്ക്കുക. തുടർന്ന് സ്ഥാനാർത്ഥികളുടെ പേരും മേൽവിലാസവും ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ അച്ചടിച്ചിട്ടുള്ള ബാലറ്റ് പേപ്പർ ലഭിക്കുന്നതാണ്.

അനന്തരം താങ്കൾ വോട്ടിംഗ് കമ്പാർട്ടുമെൻറിൽ പ്രവേശിച്ച് വോട്ടു ചെയ്യുക. സർവ്വകലാശാലാ ആക്ട് 1985 അദ്ധ്യായം 6 സെക്ഷൻ 43 അനുശാസിക്കും പ്രകാരം **ആനുപാതിക പ്രാതിനിധ്യ രീതിയാണ്** (Proportional Representation) അവലംബിക്കേണ്ടത് എന്നതിനാൽ **മുൻഗണനാ വോട്ടിങ് സമ്പ്രദായമാണ്** (Preferential Voting System) അനുവർത്തിച്ച് വരുന്നത്. എത്ര സ്ഥാനാർത്ഥികളുണ്ടോ അത്രയും പേർക്ക് മുൻഗണനാ ക്രമത്തിൽ ഒരു വോട്ടർക്ക് വോട്ട് രേഖപ്പെടുത്താവുന്നതാണ്. താങ്കൾ ഒന്നാമത് മുൻഗണന നൽകാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനു നേരെ നിശ്ചിത സ്ഥാനത്ത് 1 എന്ന് അക്കം രേഖപ്പെടുത്തുക. രണ്ടാമത് മുൻഗണന നൽകാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനുനേരെ 2 എന്നും, മൂന്നാമത് മുൻഗണന നൽകാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥിയുടെ പേരിനുനേരെ 3 എന്നും ഉള്ള ക്രമത്തിൽ വോട്ട് രേഖപ്പെടുത്താം. മുൻഗണനാക്രമം രേഖപ്പെടുത്തുന്നതിനായി **അറബി അക്കങ്ങളായ 1,2,3** തുടങ്ങിയ അക്കങ്ങളല്ലാതെ ഗുണനചിഹ്നമോ, മറ്റേതെങ്കിലും അടയാളമോ വോട്ടുരേഖപ്പെടുത്താൻ ഉപയോഗിക്കാൻ പാടുള്ളതല്ല. അങ്ങനെ കാണുന്ന പക്ഷം ആ ബാലറ്റ് പേപ്പർ അസാധുവായി പരിഗണിക്കുന്നതാണ്. വോട്ട് രേഖപ്പെടുത്തിക്കഴിഞ്ഞാൽ ബാലറ്റ് പേപ്പർ വരണാധികാരിയുടെ മുമ്പിൽ വച്ചിട്ടുള്ള ബാലറ്റ് പെട്ടിയിൽ നിക്ഷേപിക്കേണ്ടതാണ്. യാതൊരു കാരണവശാലും ബാലറ്റ് പേപ്പർ പോളിംഗ് സ്റ്റേഷനുവെളിയിൽ കൊണ്ട് പോകാൻ പാടുള്ളതല്ല.

Draft #30 of File 3110/1/(D)/2014/Elen/Vacancy Reported- PK.B PK.B Approved by JOINT REGISTRAR III (ADMIN) on 10-Feb-2021 03:21 PM - Page 1

താഴെപ്പറയുന്ന ഏതെങ്കിലും കാരണത്താൽ ബാലറ്റ് പേപ്പർ അസാധുവാക്കുന്നതാണെന്നോർക്കുക:-

1. ബാലറ്റ് പേപ്പറിൽ റിട്ടേണിംഗ് ഓഫീസറുടെ ഒപ്പ് ഇല്ലാത്ത പക്ഷം.
2. വോട്ട് രേഖപ്പെടുത്തിയ ആൾ ആരാണെന്ന് വ്യക്തമാകത്തക്കവിധം അയാൾ ബാലറ്റുപേപ്പറിൽ ഒപ്പിടുകയോ പേരെഴുതുകയോ മറ്റേതെങ്കിലും അടയാളം ഇടുകയോ ചെയ്തിട്ടുണ്ടെങ്കിൽ.
3. ഏതെങ്കിലും സ്ഥാനാർത്ഥിക്കുവേണ്ടി 1 എന്ന അറബി അക്കം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ.
4. ഒന്നിലധികം സ്ഥാനാർത്ഥികളുടെ പേരിനുനേരെ 1 എന്ന അറബി അക്കം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ.
5. ഒരു സ്ഥാനാർത്ഥിയുടെ പേരിനു നേരെ 1 എന്ന അറബി അക്കത്തിനുപുറമേ മറ്റേതെങ്കിലും അക്കമോ, അടയാളമോ കൂടി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ.
6. വോട്ട് രേഖപ്പെടുത്തിയിരിക്കുന്നത് ആർക്കാണെന്ന് അവ്യക്തമോ, സംശയമോ ആയിരുന്നാൽ.
7. സ്റ്റാറ്റ്യൂട്ടിലെ മറ്റേതെങ്കിലും നിയമം ലംഘിച്ചിട്ടുള്ളതായി കാണുന്ന പക്ഷം.
8. ക്രമം മുറിഞ്ഞ് മുൻഗണന അടയാളപ്പെടുത്തിയിട്ടുള്ള ബാലറ്റ് പേപ്പറുകളിൽ ക്രമം മുറിഞ്ഞത് വരെയുള്ള മുൻഗണനകൾ മാത്രമാണ് സ്വീകരിക്കപ്പെടുക. ശേഷിച്ച അടയാളപ്പെടുത്തലുകൾ മുൻഗണനാ വോട്ടുകളായി പരിഗണിക്കപ്പെടുന്നതല്ല.

വോട്ടുകളുടെ സൂക്ഷ്മ പരിശോധനയും എണ്ണലും 2021 ഫെബ്രുവരി **12** ആം തീയതി ഉച്ച കഴിഞ്ഞു 2.00 മണിക്ക് ആരംഭിക്കുന്നതും തുടർന്ന് ഫലം പ്രഖ്യാപിക്കുന്നതുമാണ്.

ഒപ്പ്
ബാബുരാജ് എ വാര്യർ
ജോയിൻറ് രജിസ്ട്രാർ III (ഭരണവിഭാഗം)
**വരണാധികാരി**

പ്രിയദർശിനി ഹിൽസ്

Draft #30 of File 3110/1/(D)/2014/Elen/Vacancy Reported- PK.B PK.B Approved by JOINT REGISTRAR III (ADMIN) on 10-Feb-2021 03:21 PM - Page 2